ഗവണ്മെന്റ് അത് പരിഗണിക്കുന്നതാണ്. വൈവിദ്ധ്യവൽക്കരണത്തെ സംബന്ധിച്ച് ഒരുപാട് അഭിപ്രായവ്യത്യാസങ്ങളുണ്ട്. എന്നാലും ആ കാര്യങ്ങളെ സംബന്ധിച്ച് ഗവണ്മെന്റ് പരിഗണിക്കുന്നതാണ്.

(2) കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ : സർ, കേരളത്തിലെ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ വളരെയേറെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. രൂക്ഷമായ കടലാക്രമണവും മത്സ്യക്ഷാമവും അതിരൂക്ഷമായ പട്ടിണിയും ദാരിദ്ര്യവുമാണ് തീരദേശ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നത്. കേരളത്തിലെ ഒട്ടുമിക്കവാറും തീരപ്രദേശങ്ങളും ഇന്ന് കടലാക്രമണഭീതിയിലാണ്. കാലാകാലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള നിർദ്ദേശം സംസ്ഥാന സർക്കാരിൽനിന്നുണ്ടാവുമെങ്കിലും ഇതുവരെയായും പല മേഖലകളിലും കടൽഭിത്തി കെട്ടുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടില്ല. കാലവർഷം രൂക്ഷമാകുന്ന ഈ കാലത്ത് മത്സ്യക്ഷാമംകൂടി ഉണ്ടായിരിക്കുകയാണ്. കടലാക്രമണവും മത്സ്യക്ഷാമവുംകൂടി ഒന്നിച്ചുവന്ന ഈ സന്ദർഭത്തിൽ മത്സ്യത്തൊഴിലാളികളുടെ നിത്യജീവിതം വളരെ ദുരിതപൂർണ്ണമാണ്. സർക്കാർ ഈ സാഹചര്യത്തിൽ അടിയന്തിരമായി ഇടപെടണം. സൗജന്യറേഷൻ ഉൾപ്പെടെ തീരപ്രദേശത്തെ പട്ടിണിയിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര സഹായം നൽകണം. കടൽത്തീരത്തെ നിരവധി വീടുകൾക്ക് അടുത്ത ദിവസങ്ങളിൽ നാശനഷ്ടമുണ്ടായിട്ടുണ്ട്. മനുഷ്യജീവനും ഈ സന്ദർഭത്തിൽ നഷ്ടപ്പെട്ടതായി നമുക്കറിയാം. അത്തരം മേഖലകളിൽ അടിയന്തിര സഹായം എത്തിക്കാനും കടലാക്രമണത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നശിച്ചുപോയവർക്ക് പ്രകൃതിക്ഷോഭത്തിൽപ്പെടുത്തി ധനസഹായം നൽകാനും നടപടികൾ ഉണ്ടാവണം. കടലാക്രമണത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് അടിയന്തിര സഹായം നൽകണം. തീരദേശമേഖലയിലെ ആളുകളെ സംരക്ഷിക്കുന്നതിനും സഹായിക്കുവാനുമുള്ള നടപടികൾ അടിയന്തിരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തീരപ്രദേശങ്ങളിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നതെന്ന് ഗവൺമെന്റ് നല്ലതുപോലെ മനസ്സിലാക്കുന്നുണ്ട്. തീരപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. സുനാമിബാധ ഉണ്ടായതിനുശേഷം സംസ്ഥാനത്തിന്റെ തീരദേശത്തുള്ള ജനങ്ങൾ അറിടെ താമസിക്കുന്നത് വളരെ ഭയത്തോടും ആശങ്കയോടുംകൂടിയാണ്. ഒന്നുരണ്ടുപ്രാവശ്യത്തെ മുന്നറിയിപ്പുകൾ വന്നത് അവരുടെ ആശങ്കകൾ വർദ്ധിപ്പിച്ചിരിക്കുകയാണ്.

GPM. 2/564/2012—33

LIBRARY ARCHIVES Kerala Legislative Assembly

അതിനുപുറമേ ഒന്നുരണ്ടുതവണ കടൽ കയറുകയും വെള്ളപ്പൊക്കം ഉണ്ടാവുകയും ചെയ്തു. പലയിടത്തും നാശനഷ്ടങ്ങളുണ്ടായി. ഈ സാഹചര്യത്തിൽ അവർ വളരെ ഭയത്തോടുകൂടിയാണ് കഴിയുന്നത്. മുഖ്യമായി വന്ന ഡിമാൻഡ് കടൽഭിത്തി കെട്ടുന്നതു സംബന്ധിച്ചാണ്. സുനാമിബാധ ഉണ്ടായ ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് പഞ്ചായത്തുകളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനുള്ള വർക്കുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ മൂന്ന് പഞ്ചായത്തുകളിലെ വർക്കുകൾ പ്രത്യേക പ്രാധാന്യത്തോടുകൂടി ചെയ്തുകൊണ്ടിരിക്കുകയാണ്. മറ്റു സ്ഥലങ്ങളിലും കടൽഭിത്തി ഉണ്ടാവണം എന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇപ്രാവശ്യത്തെ ധനകാര്യകമ്മീഷൻ ശുപാർശയിൽ കടൽഭിത്തി കെട്ടുന്നതിന് പ്രത്യേക അലോട്ടുമെന്റ് വന്നിട്ടുണ്ട്. അതായത് കടൽഭിത്തി കെട്ടുന്നത് അവിടുത്തെ ജനങ്ങളുടെ ഇടയിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് ആവശ്യമാണ് എന്നു കരുതുന്നു. അതുകൊണ്ട് മാത്രമായില്ല. അവരുടെ ജീവിതസാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ചേ മതിയാവൂ. തീരപ്രദേശത്തെ പ്രത്യേക സാഹചര്യം ഗവൺമെന്റ് മനസ്സിലാക്കി തീരപ്രദേശങ്ങൾക്കുവേണ്ടി, അതായത്, അടിസ്ഥാന സൗകര്യങ്ങളും ജീവിത സൗകര്യങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കത്തക്ക വിധത്തിൽ ഒരു പ്രത്യേക പാക്കേജ് കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. എത്രയും വേഗം അതിന് വ്യക്തമായ രൂപംകൊടുക്കാനുള്ള നടപടി എടുക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, തീരദേശവികസന ഏജൻസി പ്രവൃത്തിപഥത്തിൽ കൊണ്ടുവരും എന്ന് ഈ സഭയിൽ നേരത്തെ ഉറപ്പുനൽകിയതാണ്. സംസ്ഥാന ബഡ്ജറ്റിൽ തീരദേശവികസന ഏജൻസിക്ക് പണം വകകൊള്ളിക്കുകയുണ്ടായി. അടിയന്തിരമായി തീരദേശവികസന ഏജൻസി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തീരദേശവികസന ഏജൻസി ഇവിടെ അനൗൺസ് ചെയ്യുകയും അതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആ ഏജൻസിയെ സംബന്ധിച്ചുള്ള റൂൾസ് ആന്റ് റഗുലേഷൻസ് കാബിനറ്റ് അംഗീകരിച്ചുകഴിഞ്ഞു. അതിനുള്ള അംഗങ്ങളെ ഉടനെതന്നെ നിശ്ചയിക്കുന്നതാണ്.

VI സബ്മിഷൻ

(1) ജൂലൈ 5-ാം തീയതിയിലെ പണിമുടക്ക്

ശ്രീ. എ. കെ. ബാലൻ : സർ, ഇത് ഒരു സബ്മിഷനിൽ ഒതുങ്ങേണ്ട പ്രശ്നം അല്ലെന്ന് അങ്ങേക്കറിയാം എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിലെ എഴുപത്തഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികളും ജീവനക്കാരും ഇന്ന് കേരള ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly